File No.FWLD-C1/36/2020-FWLD

# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 747 — 04.03.2020-ലെ മറുപടിയ്ക്ക്

## വനാതിർത്തി സംരക്ഷണം

| ചോദ്യം<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീമതിപി. അയിഷാ പോറ്റി<br>ശ്രീ.എം. സ്വരാജ്<br>ശ്രീ. കെ.കുഞ്ഞിരാമൻ | | മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വനം കൈയ്യേറ്റം പൂർണ്ണമായും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് വനം കൈയ്യേറ്റം പൂർണ്ണമായും തടയുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:-<br>1) വനാതിർത്തി പുനർനിർണ്ണയം നടത്തി സ്ഥിര ജണ്ടകൾ സ്ഥാപിക്കുക എന്നതാണ് വനം കയ്യേറ്റം തടയുന്നതിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗം. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാനായി.<br>2) പുതിയ കയ്യേറ്റ ശ്രമങ്ങൾ അപ്പപ്പോൾതന്നെ തടയുകയും ഇപ്രകാരമുള്ള പുതിയ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് കയ്യേറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്.<br>3) വനാതിർത്തികൾ വേർതിരിക്കുന്ന ശ്രമകരമായ ജോലിക്കായി സർവ്വേ വകുപ്പിലെ സർവ്വേയർമാരുടെ സേവനം ആവശ്യത്തിന് ലഭ്യമല്ലാത്തതിലൂടെ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിലേയ്ക്കായി 2016-17 മുതൽ വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെൻറ് റിസർച്ച് & ട്രെയിനിംഗ് സെൻറർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വെ, ഹയർ സർവ്വെ, മോഡേൺ സർവ്വെ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് | |

| | | | |
|---|---|---|---|
| | | | ഉപയോഗപ്പെടുത്തി വരുന്നു. ഇതുവരെ 8 ബാച്ചിലായി 240 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുള്ളതാണ്.<br>4) സംസ്ഥാനത്തിന്റെ വനഭൂമി സംബന്ധിച്ചുള്ള സർവ്വേ സ്കെച്ചുകളും അനുബന്ധ രേഖകളും വനം വകുപ്പിന്റെ കൈവശമുള്ള മറ്റു രേഖകളും ഭദ്രമായി സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കോർഡ് റൂം കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ 2018 സെപ്റ്റംബർ മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി രേഖകളെല്ലാം തന്നെ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. |
| (ബി) | വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിക്കുന്ന പദ്ധതി കാര്യക്ഷമമായി നടപ്പാക്കി വരുന്നുണ്ടോ; | (ബി) | കാര്യക്ഷമമായി നടപ്പാക്കി വരുന്നുണ്ട്. സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,846 കിലോമീറ്ററാണ്. പ്രകൃത്യാലുള്ളതുൾപ്പെടെ ഇതിൽ 15,533 - കിലോമീറ്ററോളം വനാതിർത്തി 31.03.2019 വരെ ജണ്ടകെട്ടി വേർതിരിച്ചുകഴിഞ്ഞിട്ടുണ്ട്. 01.04.2019 -ൽ ജണ്ട കെട്ടി തിരിക്കുവാനായി ഉദ്ദേശം 1313 കി.മീ അവശേഷിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാനായി. 2016-17 ൽ 12,500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി), 2017-18 ൽ 14,416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി), 2018-19 ൽ 14,618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2019-20 ൽ 13,000 ജണ്ടകൾ (ഉദ്ദേശം 600 കി.മീ. വനാതിർത്തി) നിർമ്മിക്കുവാൻ കഴിയുന്നതാണ്. അവശേഷിക്കുന്ന ഉദ്ദേശം 713 കി.മീറ്റർ വനാതിർത്തിയിലെ ജണ്ടകളുടെ നിർമ്മാണം അടുത്ത 2 വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | വനസംരക്ഷണം ഉറപ്പു വരുത്തുന്നതിന് ഉൾവന പ്രദേശങ്ങളിൽ ജീവനക്കാർക്കായി പ്രൊട്ടക്ഷൻ ക്യാമ്പുകൾ സ്ഥാപിച്ചിട്ടുണ്ടോ; | (സി) | സ്ഥാപിച്ചിട്ടുണ്ട് |
| (ഡി) | വനാതിർത്തി സർവ്വെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഉദ്യോഗസ്ഥർക്കായി സർവ്വെ പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്. 2016-17 മുതൽ വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെൻറ് റിസർച്ച് & ട്രെയിനിംഗ് സെൻറർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വെ, ഹയർ സർവ്വെ, മോഡേൺ സർവ്വെ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തി വരുന്നു. ഇതുവരെ 8 ബാച്ചുകളിലായി 240 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുള്ളതാണ്. 04.04.2016-ലെ GO(P) No.290/16/RD പ്രകാരം കേരള സർവ്വെ & ബൗണ്ടറീസ് റൂൾസ് - 1964, റൂൾ - 101 ഷെഡ്യൂളിൽ വേണ്ട ഭേദഗതി വരുത്തി ട്രെയിനിംഗിൽ വിജയികളായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കികൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ